# FIFTEENTH KERALA LEGISLATIVE ASSEMBLY

## Third Session

# BULLETIN—PART I

(Brief Record of Proceedings )

*Monday, October 4, 2021.*

**No. 30**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

National Anthem was sung before the commencement of the proceedings.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Obituary Reference:*

The Speaker made reference on the demise of C. A. Mathew, Member of Eighth Kerala Legislative Assembly. As a mark of respect to the deceased, the members stood in silence for a while.

*Panel of Chairmen :*

The following members were nominated to the Panel of Chairmen for the current Session of the Assembly:

1. Shri M. Rajagopalan
2. Shri M. Vincent
3. Shri Job Maichil.

*Adjournment Motion:*

After hearing the Minister for General Education and Labour, the Speaker withheld consent to the moving of an adjournment motion given notice of by Shri Shafi Parambil and five other Members to the serious situation reported to have arisen consequent to the circumstance of denial of Plus One seats to students

KNPP. 1539/2021(ii).

who passed the 10th standard and non-availability of interested subjects to those students who have secured A Plus in all subjects, due to the Government's indifference in increasing the Plus One batches.

(As a mark of protest against the attitude of the Government the Members belong to opposition staged a walkout)

*Calling Attention :*

1. Smt. K. K. Shailaja Teacher called the attention of the Minister for General Education and Labour to the necessity to make arrangements in ensuring admission to all students for higher studies who have passed S.S.L.C. examination this academic year. The Minister made a statement thereto.

2. Shri T. Siddique called the attention of the Minister for Agriculture to the necessity to address fertilizer shortage in Wayanad district. The Minister for Revenue and Housing on behalf of the Minister for Agriculture made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എം. രാജഗോപാലൻ | വിമാനത്താവളങ്ങളിൽ RTPCR ടെസ്റ്റിന് ഈടാക്കുന്ന അമിതത്തുക | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | ജ്വല്ലറി നിക്ഷേപ തട്ടിപ്പ് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. സി. വിഷ്ണുനാഥ് | തഴുത്തല, പെരുമ്പുഴ എന്നീ ജനവാസ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. പി. എസ്. സുപാൽ | നിർദ്ദിഷ്ട ഗ്രീൻഫീൽഡ് നാഷണൽ ഹൈവേയുടെ അലൈൻമെന്റ് | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. പി. മോഹനൻ | കൂത്തുപറമ്പ് ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിൽ പുതിയ കോഴ്സുകൾ | കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 6 | ശ്രീമതി കാനത്തിൽ ജമീല | പയ്യോളി ഗവ. ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്ക് കോളേജ് ആയി ഉയർത്തുന്നതിന് നടപടി | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 7 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | കായികാദ്ധ്യാപക തസ്തികയുടെ യോഗ്യതാ മാനദണ്ഡങ്ങൾ | പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി |
| 8 | ശ്രീ. മോൻസ് ജോസഫ് | കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി. ഫാക്ടറിയും സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി | സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി |
| 9 | ശ്രീ. യു. എ. ലത്തീഫ് | വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും കൗൺസിലിംഗ് | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 10 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the Table :*

The following Ordinances were laid on the Table:

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2021 | 113 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആന്റ് ടെക്നോളജി ഓർഡിനൻസ്, 2021 |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 2021 | 138 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് സെർട്ടെയിൻ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) അമെന്റ്മെന്റ് ഓർഡിനൻസ്, 2021 |
| 3 | 2021 | 103 | ദി കേരള ടോഡി ഇൻഡസ്ട്രി ഡെവലപ്മെന്റ് ബോർഡ് ഓർഡിനൻസ്, 2021 |
| 4 | 2021 | 122 | ദി കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 5 | 2021 | 125 | ദി കേരള എംപ്ലോയ്മെന്റ് ഗാരന്റി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ഓർഡിനൻസ്, 2021 |
| 6 | 2021 | 126 | ദി കേരള മുനിസിപ്പാലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 7 | 2021 | 134 | ദി കേരള പഞ്ചായത്ത് രാജ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 8 | 2021 | 98 | ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 9 | 2021 | 119 | ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 10 | 2021 | 102 | ദി കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 11 | 2021 | 104 | ദി കേരള ഡിസാസ്റ്റർ ആന്റ് പബ്ലിക് ഹെൽത്ത് എമർജൻസി (സ്പെഷ്യൽ പ്രൊവിഷൻസ്) ഓർഡിനൻസ്, 2021 |
| 12 | 2021 | 105 | ദി കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 13 | 2021 | 106 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 14 | 2021 | 107 | ദി കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 15 | 2021 | 124 | ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ്, 2021 |
| 16 | 2021 | 135 | ദി കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 17 | 2021 | 136 | ദി കേരള മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | 2021 | 137 | ദി കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 19 | 2021 | 94 | ദി എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 20 | 2021 | 95 | ദി കേരള സെൽഫ് ഫിനാൻസിംഗ് കോളേജ് ടീച്ചിംഗ് ആന്റ് നോൺ-ടീച്ചിംഗ് എംപ്ലോയീസ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ഓർഡിനൻസ്, 2021 |
| 21 | 2021 | 96 | ദി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2021 |
| 22 | 2021 | 97 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2021 |
| 23 | 2021 | 99 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) (നമ്പർ 2) ഓർഡിനൻസ് , 2021 |
| 24 | 2021 | 100 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) (നമ്പർ 3) ഓർഡിനൻസ്, 2021 |
| 25 | 2021 | 117 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 26 | 2021 | 108 | ദി കേരള ഇൻലാന്റ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 27 | 2021 | 109 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 28 | 2021 | 110 | ദി കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 29 | 2021 | 112 | ദി കേരള ഫിഷ് ഓക്ഷനിംഗ്, മാർക്കറ്റിംഗ് ആന്റ് മെയിന്റനൻസ് ഓഫ് ക്വാളിറ്റി ഓർഡിനൻസ്, 2021 |
| 30 | 2021 | 101 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 31 | 2021 | 120 | ദി കേരള ലേബർ വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 32 | 2021 | 121 | ദി കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |

| 1 | 2 | 3 | 4 |
|---|---|---|---|
| 33 | 2021 | 123 | ദി കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 34 | 2021 | 127 | ദി കേരള ഹെഡ് ലോഡ് വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 35 | 2021 | 128 | ദി കേരള കാഷ്യു വർക്കേഴ്സ് റിലീഫ് ആന്റ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 36 | 2021 | 129 | ദി കേരള ബാംബൂ, കാട്ടുവള്ളി ആന്റ് പന്റാനസ് ലീഫ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 37 | 2021 | 130 | ദി കേരള സ്മാൾ പ്ലാന്റേഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 38 | 2021 | 131 | ദി കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 39 | 2021 | 132 | ദി കേരള ടെയ്ലറിംഗ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 40 | 2021 | 133 | ദി കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 41 | 2021 | 111 | ദി കേരള ലൈവ്സ്റ്റോക്ക് ആന്റ് പൗൾട്രി ഫീഡ് ആന്റ് മിനറൽ മിക്സ്ചർ (റെഗുലേഷൻ ഓഫ് മാനുഫാക്ചർ ആന്റ് സെയിൽ) ഓർഡിനൻസ്, 2021 |
| 42 | 2021 | 114 | ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആന്റ് റെഗുലേഷൻ) അമെന്റ്മെന്റ് ഓർഡിനൻസ്, 2021 |
| 43 | 2021 | 115 | ദി കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസ്, 2021 |
| 44 | 2021 | 116 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2021 |
| 45 | 2021 | 118 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2021 |

*Legislative Business :*

Introduction and motion for reference to Subject Comittee of The Kerala Employment Guarantee Workers' Welfare Fund Bill, 2021, The Kerala Panchayat Raj (Amendment) Bill, 2021, The Kerala Town and Country Planning (Amendment) Bill, 2021, and The Kerala Municipality (Amendment) Bill, 2021

Shri M. V. Govindan Master, Minister for Local Self Governments, Rural Development and Excise introduced The Kerala Employment Guarantee Workers' Welfare Fund Bill, 2021, The Kerala Panchayat Raj (Amendment) Bill, 2021, The Kerala Town and Country Planning (Amendment) Bill, 2021 and The Kerala Municipality (Amendment) Bill, 2021 and laid the statements under rule 75(1). Then the Minister moved that the Bills be referred to Subject Committee IX.

Smt. K. K. Rema, moved the ordinance disapproval motion for The Kerala Employment Guarantee Workers' Welfare Fund Bill, 2021 and spoke. Shri P. C. Vishnunadh seconded the motion and spoke. Dr. M. K. Muneer moved the ordinance disapproval motion for The Kerala Panchayat Raj (Amendment) Bill, 2021 and spoke. Shri P. T. Thomas seconded the motion and spoke. Shri Saneeshkumar Joseph, moved the ordinance disapproval motion for The Kerala Town and Country Planning (Amendment) Bill, 2021 and spoke. Shri Shafi Parambil seconded the motion and spoke. Shri T. J. Vinod, moved the ordinance disapproval motion for The Kerala Municipality (Amendment) Bill, 2021 and spoke. DR. Mathew Kuzhalnadan seconded the motion and spoke.

Shri C. K. Hareendran as authorised by Shri V. Joy moved an amendment to circulate The Kerala Employment Guarantee Workers' Welfare Fund Bill, 2021 for eliciting public opinion and Shri E. K. Vijayan as authorised by Shri P. Balachandran moved another amendment for referring the Bill to a Select Committee and spoke. Shri A. P. Anil Kumar seconded the amendment to circulate the Bill for eliciting public opinion and spoke. Shri U. A. Lathif seconded the amendment for referring the Bill to a Select Committee and spoke.

Shri Ramesh Chennithala moved an amendment to circulate The Kerala Panchayat Raj (Amendment) Bill, 2021 for eliciting public opinion and Smt. Santhakumari K. as authorised by Shri T. I. Madhusoodanan moved another amendment for referring the Bill to a Select Committee and spoke.

Shri A. C. Moideen as authorised by Shri P. P. Sumod, moved an amendment to circulate The Kerala Town and Country Planning (Amendment) Bill, 2021 for eliciting public opinion and Shri G. S. Jayalal moved another amendment for referring the Bill to a Select Committee and spoke.

Shri P. T. Thomas moved an amendment to circulate The Kerala Municipality (Amendment) Bill, 2021 for eliciting public opinion and Shri V. K. Prasanth as authorised by Shri H. Salam moved another amendment for referring the Bill to a Select Committee and spoke.

After the reply by the Minister for Local Self Governments, Rural Development and Excise, the ordinance disapproval motions were declared lost. The amendments moved were withdrawn by the leave of the House. Then the Motions were adopted and the Bills were referred to the Subject Committee IX.

The House adjourned at 7.47 p. m. to meet again at 9.00 a. m. on Tuesday October 5, 2021.

S. V. UNNIKRISHNAN NAIR,

*Secretary.*

# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ഒക്ടോബർ 4, തിങ്കളാഴ്ച

**നമ്പർ 30**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

സഭാ നടപടികൾ ആരംഭിക്കുന്നതിനുമുമ്പ് ദേശീയഗാനം ആലപിക്കുകയുണ്ടായി.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചരമോപചാരം :

എട്ടാം കേരള നിയമസഭാംഗമായിരുന്ന സി. എ. മാത്യുവിന്റെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതനോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

ചെയർമാൻമാരുടെ പാനൽ :

നടപ്പുസമ്മേളനത്തിലെ ചെയർമാൻമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു.

1. ശ്രീ. എം. രാജഗോപാലൻ
2. ശ്രീ. എം. വിൻസെന്റ്
3. ശ്രീ. ജോബ് മൈക്കിൾ

അടിയന്തരപ്രമേയം :

സർക്കാർ പ്ലസ് വൺ ബാച്ചുകൾ വർദ്ധിപ്പിക്കാൻ തയ്യാറാകാത്തത് കാരണം സംസ്ഥാനത്തെ പത്താംതരം പാസ്സായ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പ്ലസ് വൺ സീറ്റ് നിഷേധിക്കപ്പെടുന്നതും, എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ കുട്ടികൾക്ക് പോലും ഇഷ്ടപ്പെട്ട വിഷയം ലഭിക്കാത്തതും ആയ സാഹചര്യം മൂലം ഉളവായിട്ടുള്ളതായി

KNPP. 1539/2021(i).

പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഷാഫി പറമ്പിലും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് പ്രവേശനം ലഭിക്കുന്നതിനുള്ള ക്രമീകരണം നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) വയനാട് ജില്ലയിലെ രാസവളക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ടി. സിദ്ദിഖ് കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എം. രാജഗോപാലൻ | വിമാനത്താവളങ്ങളിൽ RTPCR ടെസ്റ്റിന് ഈടാക്കുന്ന അമിതത്തുക | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | ജ്വല്ലറി നിക്ഷേപ തട്ടിപ്പ് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. സി. വിഷ്ണുനാഥ് | തഴുത്തല, പെരുമ്പുഴ എന്നീ ജനവാസ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട്‌ലെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. പി. എസ്. സുപാൽ | നിർദ്ദിഷ്ട ഗ്രീൻഫീൽഡ് നാഷണൽ ഹൈവേയുടെ അലൈൻമെന്റ് | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. പി. മോഹനൻ | കൂത്തുപറമ്പ് ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിൽ പുതിയ കോഴ്സുകൾ | കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 6 | ശ്രീമതി കാനത്തിൽ ജമീല | പയ്യോളി ഗവ. ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്ക് കോളേജ് ആയി ഉയർത്തുന്നതിന് നടപടി | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 7 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | കായികാദ്ധ്യാപക തസ്തികയുടെ യോഗ്യതാ മാനദണ്ഡങ്ങൾ | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 8 | ശ്രീ. മോൻസ് ജോസഫ് | കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി. ഫാക്ടറിയും സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി | സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി |
| 9 | ശ്രീ. യു. എ. ലത്തീഫ് | വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും കൗൺസിലിംഗ് | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 10 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന ഓർഡിനൻസുകൾ മേശപ്പുറത്തുവച്ചു.

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2021 | 113 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആന്റ് ടെക്നോളജി ഓർഡിനൻസ്, 2021 |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 2021 | 138 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് സെർട്ടെയിൻ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) അമെന്റ്മെന്റ് ഓർഡിനൻസ്, 2021 |
| 3 | 2021 | 103 | ദി കേരള ടോഡി ഇൻഡസ്ട്രി ഡെവലപ്മെന്റ് ബോർഡ് ഓർഡിനൻസ്, 2021 |
| 4 | 2021 | 122 | ദി കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 5 | 2021 | 125 | ദി കേരള എംപ്ലോയ്മെന്റ് ഗാരന്റി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ഓർഡിനൻസ്, 2021 |
| 6 | 2021 | 126 | ദി കേരള മുനിസിപ്പാലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 7 | 2021 | 134 | ദി കേരള പഞ്ചായത്ത് രാജ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 8 | 2021 | 98 | ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 9 | 2021 | 119 | ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 10 | 2021 | 102 | ദി കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 11 | 2021 | 104 | ദി കേരള ഡിസാസ്റ്റർ ആന്റ് പബ്ലിക് ഹെൽത്ത് എമർജൻസി (സ്പെഷ്യൽ പ്രൊവിഷൻസ്) ഓർഡിനൻസ്, 2021 |
| 12 | 2021 | 105 | ദി കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 13 | 2021 | 106 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 14 | 2021 | 107 | ദി കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 15 | 2021 | 124 | ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ്, 2021 |
| 16 | 2021 | 135 | ദി കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 17 | 2021 | 136 | ദി കേരള മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | 2021 | 137 | ദി കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 19 | 2021 | 94 | ദി എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 20 | 2021 | 95 | ദി കേരള സെൽഫ് ഫിനാൻസിംഗ് കോളേജ് ടീച്ചിംഗ് ആന്റ് നോൺ-ടീച്ചിംഗ് എംപ്ലോയീസ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ഓർഡിനൻസ്, 2021 |
| 21 | 2021 | 96 | ദി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2021 |
| 22 | 2021 | 97 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2021 |
| 23 | 2021 | 99 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) (നമ്പർ 2) ഓർഡിനൻസ് , 2021 |
| 24 | 2021 | 100 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) (നമ്പർ 3) ഓർഡിനൻസ്, 2021 |
| 25 | 2021 | 117 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 26 | 2021 | 108 | ദി കേരള ഇൻലാന്റ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 27 | 2021 | 109 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 28 | 2021 | 110 | ദി കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 29 | 2021 | 112 | ദി കേരള ഫിഷ് ഓക്ഷനിംഗ്, മാർക്കറ്റിംഗ് ആന്റ് മെയിന്റനൻസ് ഓഫ് ക്വാളിറ്റി ഓർഡിനൻസ്, 2021 |
| 30 | 2021 | 101 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 31 | 2021 | 120 | ദി കേരള ലേബർ വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 32 | 2021 | 121 | ദി കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |

| 1 | 2 | 3 | 4 |
|---|---|---|---|
| 33 | 2021 | 123 | ദി കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 34 | 2021 | 127 | ദി കേരള ഹെഡ് ലോഡ് വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 35 | 2021 | 128 | ദി കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് ആന്റ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 36 | 2021 | 129 | ദി കേരള ബാംബൂ, കാട്ടുവള്ളി ആന്റ് പന്റാനസ് ലീഫ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 37 | 2021 | 130 | ദി കേരള സ്മാൾ പ്ലാന്റേഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 38 | 2021 | 131 | ദി കേരള ജ്വലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 39 | 2021 | 132 | ദി കേരള ടെയ്ലറിംഗ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 40 | 2021 | 133 | ദി കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 |
| 41 | 2021 | 111 | ദി കേരള ലൈവ്സ്റ്റോക്ക് ആന്റ് പൗൾട്രി ഫീഡ് ആന്റ് മിനറൽ മിക്സ്ചർ (റെഗുലേഷൻ ഓഫ് മാനുഫാക്ചർ ആന്റ് സെയിൽ) ഓർഡിനൻസ്, 2021 |
| 42 | 2021 | 114 | ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആന്റ് റെഗുലേഷൻ) അമെന്റ്മെന്റ് ഓർഡിനൻസ്, 2021 |
| 43 | 2021 | 115 | ദി കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസ്, 2021 |
| 44 | 2021 | 116 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2021 |
| 45 | 2021 | 118 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2021 |

<u>നിയമനിർമ്മാണകാര്യം</u> :

## 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവയുടെ അവതരണവും, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയങ്ങളും

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുകയും ചട്ടം 75 (1 ) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബില്ലുകൾ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിന് ശ്രീമതി കെ. കെ. രമ ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. പി. സി. വിഷ്ണുനാഥ് നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന് ഡോ. എം. കെ. മുനീർ ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. പി. ടി. തോമസ് നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലിന് ശ്രീ. സനീഷ്കുമാർ ജോസഫ് ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. ഷാഫി പറമ്പിൽ നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന് ശ്രീ. ടി. ജെ. വിനോദ് ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ഡോ. മാത്യു കുഴൽനാടൻ നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു.

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. സി. കെ. ഹരീന്ദ്രനും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഇ. കെ. വിജയനും അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. എ. പി. അനിൽ കുമാർ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെയും, ശ്രീ. യു. എ. ലത്തീഫ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെയും പിന്താങ്ങി സംസാരിച്ചു.

2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. രമേശ് ചെന്നിത്തലയും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി ശാന്തകുമാരി കെ.-യും അവതരിപ്പിച്ചു സംസാരിച്ചു.

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. പി. സുമോദ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എ. സി. മൊയ്തീനും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ജി. എസ്. ജയലാൽ-ഉം അവതരിപ്പിച്ചു സംസാരിച്ചു.

2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. ടി. തോമസും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. കെ. പ്രശാന്ത്-ഉം അവതരിപ്പിച്ചു സംസാരിച്ചു.

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഓർഡിനൻസ് നിരാകരണപ്രമേയങ്ങൾ സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു തുടർന്ന് 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയങ്ങൾ പാസ്സാക്കുകയും, ബില്ലുകൾ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2021 ഒക്ടോബർ 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 7.47-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*